03/01/22
08/12/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.437(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.9763/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.സി. ജോർജ്,
കൊച്ചുപുരക്കൽഹൗസ്,
കൽപ്പറ്റ പി.ഒ., വയനാട്-673121 } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം,
നിരത്ത് ഉപവിഭാഗം,
വടകര-673101 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.07.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 26.08.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 26.08.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23.09.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 16.10.2021 |
| ഹിയറിംഗ് തീയതി | 07.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.സി. ജോർജ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു വിവരങ്ങളും ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി കമ്മീഷൻ കൈക്കൊളളണമെന്നുമാണ്.

2. ഹർജിക്കാരൻ 08.07.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, പടിഞ്ഞാറേത്തറ പൂഴിത്തോട് റോഡിന്റെ ഭാഗമായ സെന്റ്. തോമസ് എൽ.പി. സ്കൂൾ ജംഗ്ഷൻ ഭാഗത്ത് റോഡ് നിർമ്മിച്ചിരുന്നുവെന്നും ഇതിനായി മണ്ണു മാറ്റിയതു സംബന്ധിച്ച പ്രവൃത്തികളുടെ എം.ബുക്കിന്റെ പകർപ്പുകൾ , പടിഞ്ഞാറേത്തറ പൂഴിത്തോട് റോഡ് നിർമ്മാണത്തിന്റെ T.S. ഓർഡർ കോപ്പി എന്നിവ നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുളള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ മറുപടി ലഭ്യമായില്ലെന്നാണ് ഹർജികക്ഷി ബോധിപ്പിച്ചത്. എന്നാൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ റിപ്പോർട്ടിനൊപ്പം മറുപടിയുടെ കോപ്പി ഹാജരാക്കിയതായി കാണുന്നു. ടി മറുപടിയിൽ അറിയിച്ചത്, വയനാട് ചുരം റോഡ്സ് ഡിവിഷനു കീഴിലായിരുന്ന പടിഞ്ഞാറേത്തറ പൂഴിത്തോട് റോഡുമായി ബന്ധപ്പെട്ട് വയനാട് ചുരം റോഡ്സ് ഡിവിഷൻ ഓഫീസിലെ എസ്.പി.ഐ.ഒ. മുമ്പാകെ നൽകിയ അപേക്ഷ വടകര ഓഫീസിലാണ് ലഭ്യമായതെന്നും വയനാട് ചുരം റോഡ്സ് ഡിവിഷൻ ഓഫീസ് നിലവിൽ അടച്ചു പൂട്ടിയിരിക്കുകയാണെന്നും അവിടെയുളള ജീവനക്കാരെ പൊതുമരാമത്ത് വകുപ്പ് മറ്റ് ഓഫീസുകളിലേക്ക് മാറ്റിയിരിക്കുകയാണെന്നും 2020-21 സാമ്പത്തിക വർഷം മുതൽ ചുരം ഡിവിഷന് കീഴിലുളള പ്രവൃത്തികൾ ടി ഓഫീസിൽ നിന്നുമാണ് ഏറ്റെടുത്ത് നടത്തുന്നതെന്നും ഹർജികക്ഷി ആവശ്യപ്പെട്ട രേഖകളുടെ പ്രവൃത്തി ഏത് വർഷത്തെതാണെന്ന് വ്യക്തമാക്കിയാൽ മാത്രമേ വിവരം ലഭ്യമാക്കാൻ സാധിക്കുകയുളളുവെന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 16.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഉൾപ്പെടുന്ന ചുരം റോഡുകളുടെ നിർമ്മാണ പരിപാലന ചുമതല ഉണ്ടായിരുന്ന ഓഫീസായിരുന്നു വടകര ചുരം റോഡ്സ് ഡിവിഷൻ എന്നും 01.06.2020 മുതൽ ടി ഓഫീസ് പ്രവവർത്തിക്കുന്നില്ലെന്നും അവിടെയുള്ള ജീവനക്കാരെ പൊതുമരാമത്ത് വകുപ്പിലെ വിവിധ ഓഫീസുകളിലേക്ക് സ്ഥലം മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ചുരം ഡിവിഷൻ ഓഫീസ് അടച്ചു പൂട്ടിയതിന്റെ ഭാഗമായി ടി ഓഫീസിലേക്ക് വരുന്ന തപാലുകൾ ടി ഓഫീസിലേക്ക് കൈമാറാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചിന്റെ അടിസ്ഥാനത്തിൽ തപാൽ വകുപ്പ് തപാലുകൾ വടകര ഓഫീസിലാണ് കൈമാറുന്നതെന്നും ചുരം റോഡ്സ് ഡിവിഷൻ ഓഫീസ് പ്രവർത്തനം നിർത്തിയെങ്കിലും പ്രസ്തുത ഓഫീസിലെ ഫയലുകളും രജിസ്റ്ററുകളും അവിടെത്തന്നെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും കൂടാതെ പ്രസ്തുത ഫയലുകൾ കൈമാറുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ ഭരണവിഭാഗത്തിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും ലഭ്യമായിട്ടില്ലെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 08.07.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയെങ്കിലും ഹർജികക്ഷി ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയതായി കാണുന്നില്ല. ചുരം റോഡ് ഡിവിഷൻ നിർത്തൽ ചെയ്യുകയും വയനാട് റോഡ് ഡിവിഷനും കോഴിക്കോട് റോഡ് ഡിവിഷനുമായി തരംതിരിച്ചുവെങ്കിലും ഫയലുകൾ മാറ്റിയില്ല. ജീവനക്കാരെ വിവിധ ഓഫീസിലേക്കു മാറ്റുകയും ചെയ്തു എന്നാണ് 16.10.2021 ൽ കമ്മീഷനിൽ ലഭ്യമാക്കിയിട്ടുളള വടകര നിരത്ത് വിഭാഗം (പൊതു മരാമത്ത് വകുപ്പ്) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ റിപ്പോർട്ടിൽ പറയുന്നത്. ഹർജികക്ഷി ആവശ്യപ്പെട്ടിട്ടുളള വിവരം ഏതു വർഷത്തെതാണ് എന്ന് ടിയാന്റെ വിവരാവകാശ അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ആയത് കൃത്യമായി പറയാൻ കഴിയില്ല എന്നാണ് വിവരാവകാശ അപേക്ഷക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ

പറഞ്ഞിരിക്കുന്നത് വിവരാവകാശ അപേക്ഷക്കും ഒന്നാം അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയിട്ടുള്ളതായും ആയവയും കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ഹർജികക്ഷിക്കു നൽകിയിട്ടുള്ളതായും കാണുന്നു. മാത്രമല്ല ഒന്നാം അപ്പീലിൽ പറഞ്ഞപോലെ അപേക്ഷകൻ വർഷം പ്രത്യേകമായി പറഞ്ഞിട്ടില്ലാത്തതിനാൽ നേരിൽ വടകര പൊതുമരാമത്ത് നിരത്തുവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ മുൻകൂട്ടി അറിയിച്ച് അനുമതി തേടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം പ്രവർത്തി ദിവസം ചെന്നാൽ കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടുള്ളവ ഉണ്ടെങ്കിൽ നൽകാനും ടി ഫയൽ കണ്ടെത്തി ടിയാന്റെ വിവരം ലഭ്യമാക്കാനും 3 മണിക്കൂർ സമയം സൗജന്യമായി നൽകാനും ആവശ്യമായവ ടിയാന്റെ (അപേക്ഷയിൽ ആവശ്യപ്പെട്ടത്) മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തി എടുക്കുന്നതിനും അനുവദിക്കേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 08–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION